MALAYALA MANORAMA - 02-11-2024

# മത്സ്യമേഖല അതിവേഗം മുന്നേറുന്നു: കേന്ദ്രമന്ത്രി ജോർജ് കുര്യൻ

കൊടുങ്ങല്ലൂർ ● രാജ്യത്തു മത്സ്യമേഖല അതിവേഗം മുന്നേറുകയാണെന്നും കയറ്റുമതിയിലൂടെ 30,000 കോടി രൂപ ലഭിച്ചിരുന്നത് 10 വർഷം കൊണ്ട് 60,000 കോടി രൂപയായെന്നും കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ചെറുകിട മത്സ്യ കർഷകരുടെ കൂട്ടായ്മ നബാർഡിന്റെയും കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ-സിഫ്റ്റിന്റെയും സഹകരണത്തോടെ തുടങ്ങിയ മത്സ്യ കർഷക ഉൽപാദക കമ്പനി 'ബ്ലൂ പേൾ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യബന്ധന യാനങ്ങളിൽ ഒരു ലക്ഷം ബോട്ടിൽ ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു. നഗരസഭ വൈസ് ചെയർമാൻ വി.എസ്.ദിനൽ അധ്യക്ഷത വഹിച്ചു. ഐസിഎആർ -സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ഡോ. ഗ്രിൻസൺ ജോർജ്, നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജു കുറുപ്പ്, സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും പ്രോജക്ട് ലീഡറുമായ ഡോ എസ്.ആശാലത, നബാർഡ് ഡിഡിഎം സെബിൻ ആന്റണി, ഡോ. സി.സീമ, ടി.എസ്.സജീവൻ, ഒ.എൻ.ജയദേവൻ, കെ.എസ്.ശിവറാം എന്നിവർ പ്രസംഗിച്ചു.



ചെറുകിട മത്സ്യ കർഷകരുടെ കൂട്ടായ്മ കേന്ദ്ര സർക്കാരിന്റെ പിന്തുണയോടെ തുടങ്ങിയ മത്സ്യ കർഷക ഉൽപാദക കമ്പനിയായ 'ബ്ലൂ പേൾ' കൊടുങ്ങല്ലൂരിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.